**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 356** **16-09-2025 - ൽ മറുപടിയ്ക്ക്**

**കെട്ടിട രജിസ്റ്റർ സോഫ്റ്റ്‍വെയറിൽ നികുതി ഇളവുള്ള കെട്ടിടങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | നികുതി അടയ്ക്കുന്ന കെട്ടിടങ്ങളെ മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട രജിസ്റ്റർ സോഫ്റ്റ് വെയറിലേക്ക് മാറ്റിയത് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെട്ടിട നമ്പർ നൽകി സെക്രട്ടറി ഡിജിറ്റൽ ഒപ്പ് നൽകിയിട്ടുള്ള എല്ലാ കെട്ടിടങ്ങളെയും കെ സ്മാർട്ട് ഡിജിറ്റൽ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ കൊണ്ടുവന്നിട്ടുണ്ട്.<br><br>മാനുവൽ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ സെക്രട്ടറി ഒപ്പ് വച്ച് ആധികാരികമാക്കിയിരുന്നതു പ്രകാരം സഞ്ചയ സോഫ്റ്റ്‍വെയറിൽ ഉൾപ്പെടുത്തിയിരുന്നതും ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തിയിരുന്നതുമായ എല്ലാ കെട്ടിടങ്ങളെയും ഇപ്രകാരം കെ സ്മാർട്ടിലെ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ കൊണ്ടു വന്നിട്ടുള്ളതാണ്. ഇതിൽ വസ്തു നികുതി നൽകാൻ ബാദ്ധ്യസ്ഥമായതും വസ്തു നികുതിയിൽ നിന്നും ഒഴിവ് നൽകപ്പെട്ടിട്ടുള്ളതുമായ എല്ലാ കെട്ടിടങ്ങളും ഉൾപ്പെടുന്നുണ്ട്. |
| (ബി) | സ്കൂൾ കെട്ടിടങ്ങൾ, മദ്രസ്സ കെട്ടിടങ്ങൾ, വായനശാലകൾ, ആരാധനാലയങ്ങൾ, ഓഫർനേജ് കെട്ടിടങ്ങൾ തുടങ്ങി നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ ഇപ്പോൾ കെട്ടിട രജിസ്റ്ററിൽ ഇല്ല എന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>കെട്ടിട നമ്പർ നൽകി സെക്രട്ടറി ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ള എല്ലാ കെട്ടിടങ്ങളെയും കെ സ്മാർട്ട് -ൽ കൊണ്ടു വന്നിട്ടുണ്ട്. |
| (സി) | ഇതുമൂലം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്കൂളുകൾ ഉൾപ്പടെയുള്ളവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തടസ്സം വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | തടസ്സം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ -സ്മാർട്ടിലെ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ നികുതി ഒഴിവുള്ള കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടില്ല എന്ന കാരണത്താൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ കഴിയാത്ത സാഹചര്യം നിലവിലില്ല. |
| (ഡി) | ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവ് വഴി കെട്ടിടങ്ങൾ റഗുലറൈസ് ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഡി) | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ നിലവിലെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടതും ഘടനപരമായ മാറ്റം വരുത്താതുമായ കെട്ടിടങ്ങളെയും നികുതി ഉള്ളതും നികുതി ഇല്ലാത്തതുമായ കെട്ടിടങ്ങളെയും കെ-സ്മാർട്ടിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ |

| | | | |
|---|---|---|---|
| | | | പ്രസ്തുത കെട്ടിടങ്ങളെ കെ-സ്മാർട്ടിൽ ഉൾപ്പെടുത്തുവാൻ കഴിയുന്നതാണ്. ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവ് വഴി കെട്ടിടങ്ങൾ റഗുലറൈസ് ചെയ്യേണ്ടതില്ല. തദ്ദേശ സ്ഥാപന സെക്രട്ടറിമാർ ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന പ്രിൻസിപ്പൽ ഡയറക്ടർക്ക് ഉൾപ്പെടുത്തേണ്ട കെട്ടിടങ്ങളുടെ വിവരം കൈമാറുന്ന പക്ഷം ഇൻഫർമേഷൻ കേരളാ മിഷന് കെട്ടിടങ്ങൾ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ